പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 917 **14-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നും ഉണ്ടാകുന്ന മലവെള്ളപ്പാച്ചിൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.9.2026 ന് മലപ്പുറം ജില്ലാ കലക്ടറേറ്റിൽ നടത്തിയ യോഗത്തെ തുടർന്ന് ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; അറിയിക്കാമോ;

മറുപടി: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.09.2026 ന് മലപ്പുറം ജില്ലാ കലക്ടറേറ്റിൽ നടത്തിയ പ്രസ്തുത യോഗത്തിൽ കൊണ്ടോട്ടി നഗരസഭ ചെയർമാൻ നൽകിയ പരാതിയിൽ ഉന്നയിച്ച പ്രശ്നബാധിത പ്രദേശങ്ങൾ നഗരസഭ ചെയർമാന്റെയും, പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന വാർഡ്കൗൺസിലർമാരുടെയും സാന്നിധ്യത്തിൽ 08.10.2026 ന് സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പള്ളിക്കൽ കൊണ്ടോട്ടി തദ്ദേശസ്ഥാപനങ്ങളിലെ മഴക്കാലത്തുണ്ടാകുന്ന മഴവെള്ളപ്പാച്ചിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാകലക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 3.5 കോടി എന്നത് 2025-ൽ സമർപ്പിച്ച പ്രാഥമിക എസ്റ്റിമേറ്റ് മാത്രമാണ്. എയർപോർട്ട് അതോറിറ്റി എൻജിനീയറിങ് വിഭാഗത്തോടൊപ്പം സൈറ്റ് സന്ദർശനം നടത്തി, വരുന്ന വെള്ളത്തിന്റെ അളവ് മനസ്സിലാക്കുകയും പ്രദേശത്തെ ഭൂമിയുടെ ലെവൽസ് നോക്കിയും, എസ്റ്റിമേറ്റിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 3.75 കോടിയായി വരുന്നു. മേൽ പരാമർശിച്ച മീറ്റിങ്ങിൽ തുക 3.5 കോടിയിൽ തന്നെ നിലനിർത്തണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നു. ആയതിനാൽ തോടിന്റെ അവസാന ഭാഗത്തുവരുന്ന അടിയന്തരമല്ലാത്ത ഭാഗത്തെ ഒഴിവാക്കി എസ്റ്റിമേറ്റ് 3.5 കോടിയിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും റോഡ് കട്ടിംഗ് അനുമതി ആവശ്യമാണ്. ആയതിനുള്ള പെർമിഷനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് NOC യ്ക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് വിമാനത്താവളത്തിന്റെ സി.ഇ.ആർ(കോർപ്പറേറ്റ് എൻവിയോൺമെന്റൽ റെസ്പോൺസിബിലിറ്റി) ഫണ്ടിൽ നിന്നും 3.5 കോടി രൂപ ചെലവഴിച്ച ഡ്രൈനേജ് നിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.09.2026 ന് മലപ്പുറം

ജില്ലാ കലക്ടറേറ്റിൽ നടത്തിയ പ്രസ്തുത യോഗത്തിൽ കൊണ്ടോട്ടി നഗരസഭ ചെയർമാൻ നൽകിയ പരാതിയിൽ ഉന്നയിച്ച പ്രശ്നബാധിത പ്രദേശങ്ങൾ നഗരസഭ ചെയർമാന്റെയും, പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന വാർഡ്കൗൺസിലർമാരുടെയും സാന്നിധ്യത്തിൽ 08.10.2026 ന് സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പള്ളിക്കൽ കൊണ്ടോട്ടി തദ്ദേശസ്ഥാപനങ്ങളിലെ മഴക്കാലത്തുണ്ടാകുന്ന മഴവെള്ളപ്പാച്ചിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാകലക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 3.5 കോടി എന്നത് 2025-ൽ സമർപ്പിച്ച പ്രാഥമിക എസ്റ്റിമേറ്റ് മാത്രമാണ്. എയർപോർട്ട് അതോറിറ്റി എൻജിനീയറിങ് വിഭാഗത്തോടൊപ്പം സൈറ്റ് സന്ദർശനം നടത്തി, വരുന്ന വെള്ളത്തിന്റെ അളവ് മനസ്സിലാക്കുകയും പ്രദേശത്തെ ഭൂമിയുടെ ലെവൽസ് നോക്കിയും, എസ്റ്റിമേറ്റിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 3.75 കോടിയായി വരുന്നു. മേൽ പരാമർശിച്ച മീറ്റിങ്ങിൽ തുക 3.5 കോടിയിൽ തന്നെ നിലനിർത്തണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നു. ആയതിനാൽ തോടിന്റെ അവസാന ഭാഗത്തുവരുന്ന അടിയന്തരമല്ലാത്ത ഭാഗത്തെ ഒഴിവാക്കി എസ്റ്റിമേറ്റ് 3.5 കോടിയിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും റോഡ് കട്ടിംഗ് അനുമതി ആവശ്യമാണ്. ആയതിനുള്ള പെർമിഷനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് NOC യ്ക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി മുൻസിപ്പാലിറ്റി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

<u>മറുപടി:</u> കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേയിൽ നിന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ ജനങ്ങൾക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 11.09.2026 ന് മലപ്പുറം ജില്ലാ കലക്ടറേറ്റിൽ നടത്തിയ പ്രസ്തുത യോഗത്തിൽ കൊണ്ടോട്ടി നഗരസഭ ചെയർമാൻ നൽകിയ പരാതിയിൽ ഉന്നയിച്ച പ്രശ്നബാധിത പ്രദേശങ്ങൾ നഗരസഭ ചെയർമാന്റെയും, പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന വാർഡ്കൗൺസിലർമാരുടെയും സാന്നിധ്യത്തിൽ 08.10.2026 ന് സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പള്ളിക്കൽ കൊണ്ടോട്ടി തദ്ദേശസ്ഥാപനങ്ങളിലെ മഴക്കാലത്തുണ്ടാകുന്ന മഴവെള്ളപ്പാച്ചിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാകലക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 3.5 കോടി എന്നത് 2025-ൽ സമർപ്പിച്ച പ്രാഥമിക എസ്റ്റിമേറ്റ് മാത്രമാണ്. എയർപോർട്ട് അതോറിറ്റി എൻജിനീയറിങ് വിഭാഗത്തോടൊപ്പം സൈറ്റ് സന്ദർശനം നടത്തി, വരുന്ന വെള്ളത്തിന്റെ അളവ് മനസ്സിലാക്കുകയും പ്രദേശത്തെ ഭൂമിയുടെ ലെവൽസ് നോക്കിയും, എസ്റ്റിമേറ്റിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയപ്പോൾ എസ്റ്റിമേറ്റ് തുക 3.75 കോടിയായി വരുന്നു. മേൽ പരാമർശിച്ച മീറ്റിങ്ങിൽ തുക 3.5 കോടിയിൽ തന്നെ നിലനിർത്തണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നു. ആയതിനാൽ തോടിന്റെ അവസാന ഭാഗത്തുവരുന്ന അടിയന്തരമല്ലാത്ത ഭാഗത്തെ ഒഴിവാക്കി എസ്റ്റിമേറ്റ് 3.5 കോടിയിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും റോഡ് കട്ടിംഗ് അനുമതി ആവശ്യമാണ്. ആയതിനുള്ള പെർമിഷനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് NOC യ്ക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) വിമാനത്താവളത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള എസ് വളവ് നികത്തുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തിയതിനുശേഷം ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

മറുപടി: പ്രസ്തുത എസ് വളവ് നികത്തുന്നതുമായി ബന്ധപ്പെട്ട് യോഗ നിർദ്ദേശപ്രകാരം പി.ഡബ്ല്യു.ഡി റോഡ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 07.10.2026 തീയതിയിൽ സൈറ്റ് സന്ദർശിച്ചു. പ്രസ്തുത വളവ് പുനക്രമീകരിക്കേണ്ടത് പി.ഡബ്ല്യു.ഡി റോഡ്സ് വിഭാഗമാണ്. എന്നാൽ ഈ റോഡിനടിയിലൂടെയുള്ള ഡ്രൈനേജ് തോട്ടിലേക്കാണ് പതിക്കുന്നത്. റോഡിന്റെ പുനക്രമീകരണത്തിന്റെ ഡിസൈൻ തയ്യാറാക്കുമ്പോൾ എയർപോർട്ടിൽ നിന്നും എത്തുന്ന ഡ്രൈനേജ് വെള്ളത്തെ ഉൾക്കൊള്ളാവുന്ന തരത്തിൽ ഡ്രൈനേജ് നിർമ്മാണത്തിന്റെ ഡിസൈൻ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി കൊണ്ടോട്ടി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ